"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ഇടുക്കി ചോറ്റുപാറ ഗവൺമെന്റ് ഹൈസ്കൂൾ ഹെഡ് മാസ്റ്റർ ശ്രീ. സാബു.പി.യ്ക്കെതിരെയുള്ള അച്ചടക്കനടപടി - ഔപചാരിക അന്വേഷണം നടത്തുന്നതിനു ജോയിൻറ് കമ്മീഷണർ, പരീക്ഷാഭവനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ഡി എ) വകുപ്പ്**

സ.ഉ.(സാധാ) നം.4041/2026/GEDN തീയതി,തിരുവനന്തപുരം, 19-06-2026

പരാമർശം:-

1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07/02/2025 തീയതിയിലെ ഡി ജി ഇ /5187/2024-വി ബി 1 നമ്പർ കത്ത്.
2. 21/05/2025 തീയതിയിലെ GE-DA1/21/2025-G.EDN നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. ശ്രീ. സാബു പി. സർക്കാരിൽ സമർപ്പിച്ച പ്രതിവാദ പത്രിക
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22/04/2026 തീയതിയിലെ ഡി ജി ഇ /5187/2024-വി ബി 1 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

ഇടുക്കി ചോറ്റുപാറ ഗവൺമെന്റ് ഹൈസ്കൂൾ ഹെഡ് മാസ്റ്റർ ശ്രീ. സാബു പി.യ്ക്കെതിരെ സ്കൂൾ PTA, SMC, MPTA ഭാരവാഹികൾ സംയുക്തമായി സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിൽ പ്രഥമാദ്ധ്യാപകന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഹെഡ് മാസ്റ്റർ ശ്രീ. സാബു.പി.യ്ക്ക് ഗുരുതരവീഴ്ച സംഭവിച്ചതായും, ഗൗരവകരമായ കൃത്യവിലോപം ഉണ്ടായതായും അച്ചടക്കനടപടികൾ സ്വീകരിക്കാവുന്നതാണെന്നും പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2.പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. സാബു.പി.യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുവാൻ തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നല്കിയിരുന്നു.

3. ടിയാൾ കുറ്റപത്രത്തിൻമേലുള്ള പ്രതിവാദ പത്രിക പരാമർശം (3) പ്രകാരം

ലഭ്യമാക്കിയിരുന്നു. പ്രതിവാദ പത്രികയിൻമേൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ശ്രീ. സാബു പി.യുടെ ഭാഗത്തു നിന്നും പ്രധാനാദ്ധ്യാപകന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ഔപചാരിക അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കാവുന്നതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

4.സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. കുറ്റാരോപിതനായ ശ്രീ. സാബു. പി. 31/05/2025-ൽ സർവീസിൽ നിന്നും വിരമിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി കെ.എസ്. ആർ. ഭാഗം III റൂൾ 3 (എ) പ്രകാരം തുടരുന്നതിനും, ടി ചട്ടപ്രകാരമുള്ള ഔപചാരിക അന്വഷണം നടത്തുന്നതിന് പരീക്ഷാഭവൻ ജോയിൻറ് കമ്മീഷണർ ശ്രീ. ഗിരീഷ് ചോലയിൽ-നെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. അന്വേഷണ ഉദ്യോഗസ്ഥൻ ഒരു മാസത്തിനകം റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. സാബു പി., മുൻ ഹെഡ് മാസ്റ്റർ (റിട്ടയേഡ്), ചോറ്റുപാറ ഗവൺമെന്റ് ഹൈസ്കൂൾ, ഇടുക്കി (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ശ്രീ ഗിരീഷ് ചോലയിൽ , ജോയിൻറ് കമ്മീഷണർ പരീക്ഷാഭവൻ (പരാമർശം (2) കുറ്റപത്രം കുറ്റാരോപണ പത്രിക, പരാമർശം (3) പ്രതിവാദപത്രിക എന്നിവയുടെ പകർപ്പുകൾ സഹിതം)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (GE-DA1/21/2025-G.EDN)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
സെക്ഷൻ ഓഫീസർ
Date: 19-06-2026 14:01:16

പകർപ്പ്: ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ.യ്ക്ക്